57262

29 JUN 2018

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2004, 2009 ശമ്പള പരിഷ്കരണം – ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവു വന്ന ജീവനക്കാർക്ക് റീ-ഓപ്ഷൻ അനുവദിച്ച് ഉത്തരവാകുന്നു.

ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പ്

സ.ഉ. (അച്ചടി) നം. 96/2018/ധന തീയതി, തിരുവനന്തപുരം, 22/06/2018.

പരാമർശം
1. സ.ഉ. (പി) 145/2006/ധന. തീയതി 25/03/2006
2. സ.ഉ (പി) 85/2011/ധന. തീയതി 26/02/2011 & സ.ഉ (പി) 143/2011/ധന. തീയതി 30/03/11
3. സ.ഉ(പി) 86/2011/ധന. തീയതി 26/02/11 & . സ.ഉ(പി) 144/2011/ധന. തീയതി 30/03/11
4. സ.ഉ(പി) നം. 572/2007/(83)/ധന. തീയതി 29/11/07
5. സ.ഉ(പി) നം. 8/12/ധന. തീയതി 05/01/2012
6. സ.ഉ.(പി) 176/2012/(56)ധന. തീയതി 24/03/12.

**ഉത്തരവ്**

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിച്ച് പരാമർശം 1 ഉത്തരവ് പ്രകാരവും, സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും യൂണിവേഴ്സിറ്റി ജീവനക്കാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിച്ച് പരാമർശം 2 പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. തുടർന്ന്, 2004 ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായ ജീവനക്കാർക്ക് നിബന്ധനകൾക്കു വിധേയമായി റീ-ഓപ്ഷൻ സമർപ്പിക്കാൻ പരാമർശം 5 ഉത്തരവ് പ്രകാരവും, 2009 ശമ്പള പരിഷ്കരണത്തിന് യുക്തിപൂർവ്വമല്ലാത്തതോ അസാധുവായതോ ആയ ഓപ്ഷൻ സമർപ്പിച്ചിരുന്ന ജീവനക്കാർക്ക് റീ-ഓപ്ഷൻ സമർപ്പിക്കാൻ പരാമർശം 6 ഉത്തരവ് പ്രകാരവും സർക്കാർ അനുമതി നൽകിയിരുന്നു.

2) 2004, 2009 ശമ്പള പരിഷ്കരണങ്ങളെ തുടർന്നുള്ള ആഡിറ്റ് പരിശോധനകളിൽ തെറ്റായ ശമ്പള നിർണ്ണയത്തിനെതിരെ തടസ്സവാദം ഉന്നയിക്കുക വഴി ശമ്പളത്തിൽ കുറവുണ്ടാകുകയും അധികം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ശമ്പള പരിഷ്കരണങ്ങൾക്ക് റീ-ഓപ്ഷൻ അനുവദിയ്ക്കണമെന്നപേക്ഷിച്ച് ധാരാളം അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായ, പരാമർശം 1, 2, 3 ഉത്തരവുകളുടെ പരിധിയിൽപ്പെടുന്ന ജീവനക്കാർക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി റീ-ഓപ്ഷൻ അനുവദിച്ച് ഉത്തരവാകുന്നു.

1. 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന്മേൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായിട്ടുള്ള ജീവനക്കാർക്ക് മാത്രമേ ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷൻ ആനുകൂല്യത്തിന് അർഹതയുള്ളൂ. ആയതിനു മുൻപുള്ള ശമ്പള പരിഷ്കരണങ്ങൾക്കോ സമയ ബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷനുകൾക്കോ ഈ ഉത്തരവ് ബാധകമല്ല.
2. മേൽ ശമ്പള പരിഷ്കരണങ്ങൾക്ക് റീ-ഓപ്ഷൻ സമർപ്പിക്കേണ്ട സമയ പരിധി ഈ ഉത്തരവ് തീയതി മുതൽ 3 മാസമായിരിക്കും. യാതൊരു കാരണവശാലും റീ-ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതല്ല.
3. ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷന്, റീ-ഓപ്ഷൻ സമർപ്പിയ്ക്കുന്ന തീയതിവരെ ഒരു തരത്തിലുള്ള കുടിശ്ശികയും അർഹതയുണ്ടായിരിക്കുന്നതല്ല. ഇതിനു വിരുദ്ധമായി അധിക തുക അനുവദിയ്ക്കുന്നപക്ഷം, പ്രസ്തുത തുകയുടെ പലിശ കേരളാ ഫിനാൻഷ്യൽ കോഡിൽ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ ശമ്പള നിർണ്ണയ അധികാരികളിൽ നിന്നും ഈടാക്കുന്നതാണ്.
4. യഥാർത്ഥ ഓപ്ഷൻ തീയതി മുതൽ റീ-ഓപ്ഷൻ പ്രാബല്യത്തീയതി വരെ അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് റീ-ഓപ്ഷൻ അനുവദിയ്ക്കുന്നതുവഴി ലഭിയ്ക്കുന്ന കുടിശ്ശിക തുകയിൽ തട്ടിക്കിഴിക്കേണ്ടതും, ബാക്കി തുക അവശേഷിക്കുന്നുണ്ടെങ്കിൽ

ആയതു മുഴുവനായി 22/06/90-ലെ 46/90/ധന. സർക്കുലറിൽ നിഷ്കർഷിച്ചിരിയ്ക്കുന്ന സമയപരിധിയ്ക്കകം പുതുക്കിയ ശമ്പളം അനുവദിക്കുന്നതിനു മുൻപായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

5. 01/07/2004-നും 30/06/2014-നുമിടയിൽ സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്കും ഈ ഉത്തരവ് പ്രകാരം റീ-ഓപ്ഷന് അർഹതയുണ്ടായിരിക്കും. എന്നാൽ ടെർമിനൽ ലീവ് സറണ്ടർ ശമ്പളത്തിന്റെ കുടിശ്ശിക അനുവദിയ്ക്കുന്നതല്ല

6. 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകളിലെ അനുബന്ധം II പ്രകാരം, പരിഷ്കരിച്ച ശമ്പളസ്കെയിലിൽ ശമ്പളനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് ഓപ്ഷൻ മാതൃക ഉൾപ്പെടെയുള്ള ചട്ടങ്ങൾക്കനുസൃതമായി റീ-ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

7. ഈ ഉത്തരവ് പ്രകാരം അനുവദിയ്ക്കുന്ന റീ-ഓപ്ഷനുള്ള അപേക്ഷ ബന്ധപ്പെട്ട അധികാരികൾക്കോ / വകുപ്പ് തലവൻമാർക്കോ സമർപ്പിക്കേണ്ടതാണ്. അതിന് പ്രത്യേക സർക്കാർ അനുമതി ആവശ്യമില്ല

8. സംശയമുള്ള വിഷയങ്ങൾ ഉചിതമാർഗ്ഗേണ സർക്കാരിലേക്ക് അയച്ച് വ്യക്തത വരുത്താവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. ഷർമിള മേരി ജോസഫ്**
ധനകാര്യ സെക്രട്ടറി (വ്യയം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം / തിരുവനന്തപുരം
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറിമാർ
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഗവ. ചീഫ് വിപ്പ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി /കൊച്ചി/കാലികറ്റ്/കണ്ണൂർ/മഹാത്മാഗാന്ധി/സൻസ്കൃത്

രജിസ്ട്രാർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, തൃശ്ശൂർ
സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി ബോർഡ്
മാനേജിങ്ങ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ